# മൗറീഷ്യസ് പ്രധാനമന്ത്രി പ്രവിന്ദ് കുമാർ ജുഗ്നാഥുമായി നരേന്ദ്ര മോദി കൂടിക്കാഴ്ച നടത്തി

സെപ്റ്റംബർ 08, 2023

ഡൽഹിയിൽ വെച്ച് നടക്കുന്ന G20 ഉച്ചകോടിയുടെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി 2023 സെപ്റ്റംബർ 8 ന് മൗറീഷ്യസ് പ്രധാനമന്ത്രി പ്രവിന്ദ് കുമാർ ജുഗ്നാഥുമായി നരേന്ദ്ര മോദി കൂടിക്കാഴ്ച നടത്തി.

'അതിഥി രാഷ്ട്രം' എന്ന നിലയിൽ ജി20 ഉച്ചകോടിയിൽ പങ്കെടുക്കാൻ മൗറീഷ്യസിന് നൽകിയ പ്രത്യേക ക്ഷണത്തിന് മൗറീഷ്യസ് പ്രധാനമന്ത്രി ജുഗ്നാഥ് നരേന്ദ്ര മോദിക്ക് നന്ദി പറഞ്ഞു. ഇന്ത്യയുടെ അധ്യക്ഷതയിൽ നടത്തപ്പെട്ട G20 ഉച്ചകോടിയുടെ വിവിധ പ്രവർത്തക സമിതികളിലെയും മന്ത്രിതല യോഗങ്ങളിലെയും മൗറീഷ്യസിന്റെ സജീവ പങ്കാളിത്തത്തെ പ്രധാനമന്ത്രി അഭിനന്ദിച്ചു.

ഇരു രാജ്യങ്ങളും തമ്മിലുള്ള നയതന്ത്ര ബന്ധത്തിന്റെ 75-ാമത് വാർഷികം അനുസ്മരിക്കുന്ന വേളയിൽ നടത്തപ്പെടുന്ന ജി20 ഉച്ചകോടിയിൽ ഇരു നേതാക്കളും സന്തോഷം പ്രകടിപ്പിച്ചു. ഇന്ത്യയും മൗറീഷ്യസും തമ്മിലുള്ള ബഹുമുഖ ഉഭയകക്ഷി സഹകരണ ബന്ധത്തെ അവർ അവലോകനം ചെയ്തു. 30-ലധികം പ്രതിനിധി സന്ദർശനങ്ങൾ നടത്തുകയും 23 ഉഭയകക്ഷി കരാറുകളിൽ ഒപ്പുവെക്കുകയും ചെയ്ത കഴിഞ്ഞ വർഷത്തെ ഉഭയകക്ഷി വിനിമയങ്ങളുടെ ദ്രുതഗതിയിലുള്ള വേഗതയെ കുറിച്ചും അവർ സംസാരിച്ചു.

ചാന്ദ്രയാൻ-3 ദൗത്യത്തിന്റെ വിജയത്തിൽ മൗറീഷ്യസ് പ്രധാനമന്ത്രി ജുഗ്നാഥ് നരേന്ദ്ര മോദിയെ അഭിനന്ദിക്കുകയും ബഹിരാകാശ മേഖലയിൽ ഇരുരാജ്യങ്ങളും തമ്മിൽ കൂടുതൽ സഹകരണം സാധ്യമാക്കാൻ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു.

**ന്യൂ ഡെൽഹി**
**സെപ്റ്റംബർ 08, 2023**